## ഇടയശബ്ദം
## നവസുവിശേഷവത്ക്കരണവും മാർ ഈവാനിയോസ് പിതാവിന്റെ ദർശനവും

"നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം ഘോഷിക്കുവിൻ" എന്നു പറഞ്ഞ കർത്താവ് ഈ കാലയളവിലും നമ്മോടിതു പറയുന്നു. ഭാഗ്യസ്മരണാർഹനായ പോൾ ആറാമൻ മാർപ്പാപ്പയും പരിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയും ഭാഗ്യവാനായ നമ്മെ നയിച്ച ബനഡിക്ട് 16–ാമൻ മാർപ്പാപ്പയും ഇപ്പോൾ നയിക്കുന്ന ഫ്രാൻസിസ് മാർപ്പാപ്പയും നമ്മെ ആവർത്തിച്ചോർമ്മപ്പെടുത്തുന്ന സത്യവും ഈ നവസുവിശേഷവത്ക്കരണമെന്ന കാര്യമാണ്. പരിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ നിരന്തരമായി ഈ കാര്യത്തെ നമുക്ക് ബോദ്ധ്യപ്പെടുത്തി തന്നപ്പോൾ ബനഡിക്ട് മാർപ്പാപ്പ ഒരു പൊന്തിഫിക്കൽ കൗൺസിൽ തന്നെ രൂപീകരിച്ച് ഈ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ സന്നദ്ധനായി. ഫ്രാൻസിസ് മാർപ്പാപ്പയുടെ ശൈലിയും പ്രബോധനങ്ങളും ഇവയെച്ചുറ്റിപ്പറ്റിയുമാണെന്ന് നമുക്കറിയാം. സഭയ്ക്കാകമാനം ഒരു നവ ചൈതന്യം പകർന്നു തന്ന അനുഭവമാണ് നവ സുവിശേഷവത്ക്കരണം എന്ന പ്രക്രിയ. സമസ്ത മേഖലകളെയും വ്യക്തികളെയും സ്പർശിക്കുന്ന ചൈതന്യമാണ് ഈ പ്രക്രിയയിലൂടെ ഉദ്ദേശിക്കുന്നത്.

മലങ്കര സഭയെ സംബന്ധിച്ച് ഏറെ പ്രാധാന്യത്തോടെ എടുത്ത ഒരു കാര്യമാണ് നവസുവിശേഷവത്ക്കരണം. മലങ്കര സഭയിൽ ഇദംപ്രഥമായി നടന്ന സഭാ അസംബ്ലിയുടെ ചൈതന്യത്തിൽ സഭയെ ആകമാനം സ്വാധീനിക്കുവാൻ കഴിയത്തക്കരീതിയിൽ പരിശുദ്ധാത്മ നിറവാൽ രൂപീകരിക്കപ്പെട്ട ഈ ചൈതന്യം ഇന്ന് വലിയ ചൈതന്യമായി അൽമായരുടെയും സന്യസ്തരുടെയും വൈദീകരുടെയും ഇടയിൽ വ്യാപിക്കുന്നു. യേശുവിനു വേണ്ടിയും അവന്റെ സുവിശേഷത്തിനുവേണ്ടിയും ത്യാഗം സഹിക്കുന്നത് അഭിമാനവും അവകാശവുമായി കരുതി തെരുവുകളിലും ഭവനങ്ങളിലും ഇടവഴികളിലും ഒക്കെ പടർന്നുപന്തലിക്കുന്ന ഈ നവചൈതന്യം. സഭയായി തന്നെ അതിനു രൂപവും ഭാവവും കൊടുക്കുവാൻ സുന്നഹദോസിനു കഴിഞ്ഞു എന്നതും അഭിമാനകരമായ നേട്ടമാണ്. ഒരുപക്ഷേ സഭകൾക്കു മാതൃകയാകുവാൻ കഴിയത്തക്ക രീതിയിൽ മലങ്കരമക്കൾ ഈ കാര്യത്തിൽ ഏറെ മുന്നിൽ എത്തിയിരിക്കുന്നു എന്ന് അഭിമാനപൂർവ്വം സ്മരിക്കുന്നു.

മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യചിന്തകൾ രൂപപ്പെടുന്നതും സുവിശേഷവത്ക്കരണത്തിന്റെ ഭാഗമായിട്ടാണ്. സുവിശേഷം എല്ലാവർക്കും വേണ്ടിയുള്ളതും സംസ്കാരങ്ങൾ സുവിശേഷത്താൽ പരിശുദ്ധമാക്കപ്പെടേണ്ടതാണെന്നും പിതാവ് വിശ്വസിച്ചു. ആ ചൈതന്യമാണ് പുനരൈക്യത്തിലേക്ക് എത്തിച്ചത്. വന്ദ്യപിതാവിന്റെ ജീവിതശൈലിയും മൂല്യങ്ങളും മക്കളായ നാം സ്വാംശീകരിച്ചെടുക്കേണ്ടതായിട്ടുണ്ട്. അതാണ് നവസുവിശേഷവത്ക്കരണത്തിലൂടെ ലക്ഷ്യമാക്കുന്ന കാര്യവും. നമ്മുടെ നോമ്പും നമസ്കാരങ്ങളും ആരാധനാകാര്യങ്ങളും നമ്മെ സുവിശേഷത്തിന്റെ വക്താക്കളാക്കും എന്ന വന്ദ്യപിതാവിന്റെ ദർശനം നാമോരോരുത്തരും സ്വായത്തമാക്കണം.

സുവിശേഷത്തിന്റെ സന്തോഷം നമ്മെ ആകൃഷ്ടരാക്കുകയും അത് മറ്റുള്ളവരെ ആകർഷിക്കുവാൻ പര്യാപ്തമാക്കുകയും വേണം. നീതിയിലും സത്യത്തിലും സ്നേഹത്തിലും സ്വാതന്ത്ര്യത്തിലുമുള്ള നമ്മുടെയും സമൂഹത്തിന്റെയും വളർച്ച – അതാണ് ഈ ചൈതന്യം ലക്ഷ്യമിടുന്നത്. സഭാ മക്കളിൽ സുവിശേഷചൈതന്യം നിറഞ്ഞാൽ ലോകത്തിൽ അതു നിറയും. ആയതിനാൽ നമ്മുടെ ഏറ്റം വലിയ ഉത്തരവാദിത്വം നമ്മുടെ വ്യക്തിജീവിതത്തിലെ സുവിശേഷവത്ക്കരണമാണ്.

വളർന്നുവരുന്ന ലൗകീകചിന്തകളും സ്വാർത്ഥതയും ഭൗതീകവാദവും മറ്റും മനുഷ്യനെ ഈ ലോകത്തിലും അതിന്റെ സുഖസന്തോഷങ്ങളിലും മാത്രം തളച്ചിടും. മനുഷ്യൻ ദൈവത്തിനായി സൃഷ്ടിക്കപ്പെട്ടവനാണ്. അവൻ ദൈവത്തെ കൊണ്ടുനിറയുമ്പോൾ മാത്രമേ അവനും അവനു ചുറ്റുമുള്ള പ്രകൃതിയും ശരിയായ നിലയിൽ സന്തോഷിക്കുകയുള്ളൂ. നമുക്ക് വലിയ ഉത്തരവാദിത്വമുണ്ട്. നമ്മുടെ വിലയിരുത്തലുകളും സമർപ്പണവും എല്ലാം ദൈവത്തെ സമൂഹത്തിൽ പുനഃപ്രതിഷ്ഠിക്കുവാനായിരിക്കണം. വി. അഗസ്തിനോസ് പറയുന്നു, "നമ്മെ കൂടാതെ നമ്മെ സൃഷ്ടിച്ച ദൈവം നമ്മെ കൂടാതെ നമ്മെ രക്ഷിക്കുകയില്ല" എന്ന്. അതായത് നമ്മുടെ സഹകരണം ഏറ്റം പ്രധാനപ്പെട്ടതാണ്. സംസ്കാരത്തെ സ്വാധീനിക്കുവാൻ നാം ബോധപൂർവ്വമായി നിലപാടുകൾ എടുക്കണം. നമ്മുടെ പ്രാർത്ഥനാ ജീവിതവും സുവിശേഷമൂല്യങ്ങളിൽ അധിഷ്ഠിതമായ ജീവിതക്രമവും ഈ ദൗത്യത്തിനാവശ്യമാണ്. ഇന്നത്തെ ഏറ്റം വലിയ എതിർ സാക്ഷ്യം നമ്മുടെ വിശ്വാസമില്ലായ്മയാണ്. ഒരു ഭാഗത്ത് നാം ക്രിസ്തുവിന്റെ അനുയായികൾ, എന്നാൽ മറുഭാഗത്ത് നാം ഏറ്റം വലിയ ക്രിസ്തു വിരോധികൾ. നമ്മുടെ ജീവിതവും നമ്മുടെ വിശ്വാസപ്രകടനങ്ങളും തമ്മിൽ ഒരു ബന്ധവും

ഇല്ല. പല പാശ്ചാത്യ രാജ്യങ്ങളിലും ക്രൈസ്തവർ സഭാജീവിതവും കൂദാശാനുഷ്ഠാനങ്ങളും പാടെ മറക്കുന്നു. ദൈവവും ദൈവീകതയും ആവശ്യമില്ലെന്ന് തോന്നുന്നു, അങ്ങനെ പഠിക്കുന്നു. ഈ അവസ്ഥയാണ് ഏറ്റം ഭീകരമായത്. മനുഷ്യൻ ദൈവീകനായെങ്കിലേ അവന് ശാശ്വത സന്തോഷവും സമാധാനവും ലക്ഷ്യബോധവും ഉണ്ടാകുകയുള്ളൂ. വർദ്ധിച്ചുവരുന്ന ആത്മഹത്യാനിരക്കുകളും അധാർമ്മികമായ ജീവിതക്രമങ്ങളും കുറ്റകൃത്യങ്ങളുടെ വർദ്ധനയുമെല്ലാം ഇതിന്റെ പരിണിതഫലങ്ങൾ തന്നെ.

നമ്മുടെ സഭയ്ക്ക് ലഭിച്ച വലിയ സൗഭാഗ്യമായി നാം ഈ സംരഭത്തെ കാണണം. നമ്മുടെ ജീവിതങ്ങൾ സുവിശേഷ ചൈതന്യം കൊണ്ട് ഉറപ്പിക്കപ്പെട്ടതായി തീരണം. വൈദീകരായി സന്യസ്തരായി അൽമായരായി നമുക്ക് ഈ വിളിയെ സ്വീകരിക്കാം. നമ്മുടെ സ്ഥാപനങ്ങൾ തീർച്ചയായും ഈ ചൈതന്യം ഉൾക്കൊള്ളേണ്ടതാണ്. യേശുവിന്റെ സ്നേഹവും കരുതലും സൗഖ്യവും പ്രത്യാശയും പകരുന്ന ഇടങ്ങളായി നമ്മുടെ സ്ഥാപനങ്ങൾ തീരണം. നമ്മുടെ സ്ഥാപനങ്ങളെ നയിക്കേണ്ടത് ഭൗതികമോ സാങ്കേതികമായ മികവിന്റെയോ സംജ്ഞകൾ മാത്രമാകരുത്. നന്നായി സ്ഥാപനങ്ങൾ നടത്തപ്പെടണം. പക്ഷേ നമ്മുടെ മൂല്യം യേശുവിനു സാക്ഷ്യം വഹിക്കുക എന്നുള്ളതാണ്.

നമുക്ക് ബഹുദൂരം പോകേണ്ടതുണ്ട്. പ്രത്യാശയോടെ, ദൈവത്തിൽ ആശ്രയിച്ച് നമുക്ക് ഓരോ പടികളും വയ്ക്കാം. സുവിശേഷചൈതന്യംകൊണ്ട് എല്ലാം പവിത്രീകരിക്കാം.